## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2543 — 06/12/2018-ൽ മറുപടിക്ക്

### വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലെ നടപടിക്രമങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. സ്വരാജ്<br>,, കാരാട്ട് റസാഖ്<br>,, സജി ചെറിയാൻ<br>,, ബി.ഡി. ദേവസ്സി | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ഗാർഹിക ഉപഭോക്താക്കൾക്കും വ്യാപാരി വ്യവസായി സമൂഹത്തിനും ഏറെ ആശ്വാസകരമായ രീതിയിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും അതിവേഗം കണക്ഷൻ നൽകുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; | (എ) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ ആണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖ, വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, തുടങ്ങിയ കുറെയധികം രേഖകൾ ഹാജരാക്കണമെന്ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) ഇറക്കിയിട്ടുള്ള സപ്ലൈ കോഡ് 2014 ൽ നിഷ്കർഷിച്ചിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാനും കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജാരാക്കിയാലും 1076 ചതുരശ്ര അടിയോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |

(...2)

| | | | |
|---|---|---|---|
| | | | വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ അതാതു സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതിന് പുറമെ ഓൺലൈൻ വഴി സ്വീകരിച്ചും റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള സ്റ്റാൻഡേർഡ് ഓഫ് പെർഫോമൻസിൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിയിലും കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ നൽകാൻ 19.9.2016 ന്റെ ബോർഡ് ഉത്തരവ് വഴി നിർദേശങ്ങൾ നൽകിയും അതിവേഗം കണക്ഷനുകൾ കെ എസ് ഇ ബി എൽ നൽകി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പുതുതായി സൃഷ്ടിച്ച ഊർജ്ജോല്പാദന ശേഷി എത്രയാണ്; പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റെടുത്തതു മുതൽ നാളിതുവരെ കെ.എസ്.ഇ.ബി.യുടെ സ്ഥാപിത ശേഷിയിൽ 144.385 മെഗാ വാട്ടിന്റെ വർദ്ധന വന്നിട്ടുണ്ട്.<br><br>വൈദ്യുത പ്രസരണ വിതരണ നഷ്ടം 2015-16 സാമ്പത്തിക വർഷം 14.37% ആയിരുന്നത് കഴിഞ്ഞ രണ്ടുവർഷം കൊണ്ട് 13.07% ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ പ്രസരണ വിതരണ നഷ്ടം 13.07% ആണ്.<br><br>ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ 4.5 MW ന്റെ കാരിക്കയം (പത്തനംതിട്ട ജില്ല) രണ്ടാം ഘട്ടവും 8MW ന്റെ പാതംകയം (കോഴിക്കോട് ജില്ല) കമ്മീഷൻ ചെയ്തിട്ടുണ്ട്.<br><br>പീക്കോ ജലവൈദ്യുത ടർബയിനുകൾ ഉപയോഗിച്ചുള്ള മൈക്രോ ഗ്രിഡുകൾ (4 കിലോ വാട്ട് പദ്ധതി) ഈച്ചാംപെട്ടിയിൽ നടപ്പിലാക്കി. 1 kW പീക്കോ പദ്ധതി മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിൽ നടപ്പിലാക്കി. 1 kW മുതൽ 5 kW വരെ ശേഷിയുള്ള 25 പീക്കോ പദ്ധതികൾ - (പ്രധാനമായും ഇടുക്കി, വയനാട് ജില്ലകൾ) നടപ്പിലാക്കി .<br><br>ഈ സർക്കാർ അധികാരത്തിലെത്തിയശേഷം അനെർട്ട് പുതുതായി സൃഷ്ടിച്ച സോളാർ ഊർജ്ജോല്പാദന ശേഷി 21 മെഗാവാട്ട് ആണ്. |
| (സി) | സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി ഗുണമേന്മയുള്ള വൈദ്യുതി തടസ്സ | (സി) | സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി കുറഞ്ഞ |

(...3)

| | | | |
|---|---|---|---|
| | രഹിതമായി കുറഞ്ഞചെലവിൽ ലഭ്യമാക്കുന്നതിനു ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | | ചെലവിൽ ലഭ്യമാക്കുന്നതിനായി, കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ കീഴിൽ ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന '10' ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നതുവഴി 193.5 MW വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ സാധിയ്ക്കും. കൂടാതെ, വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പ്രവർത്തികൾ നടത്തിവരുന്നു. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. സൗരോർജ്ജ പാനലുകൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാനുള്ള ഒരു പദ്ധതിയും "സൌര" എന്ന പേരിൽ ആസൂത്രണം ചെയ്തുവരുന്നു. ഗാർഹിക, കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ 150 മെഗാവാട്ട്, സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ 100 മെഗാവാട്ട്, മറ്റ് സ്ഥാപനങ്ങളുടെ പുരപ്പുറങ്ങളിൽ 250 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ നിർമ്മിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>2021-ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ദ്യുതി 2021 എന്ന് പേരിട്ടിട്ടുള്ള പദ്ധതി കെ.എസ്.ഇ.ബി ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി HT ലൈനുകൾ പുതുതായി നിർമിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക, HT - LT ശൃംഖലകളിൽ ബാക്ക് ഫീഡിങ് സംവിധാനം ഉറപ്പുവരുത്തുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ചു പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട |

(...4)

പ്രവൃത്തികൾ കണ്ടെത്തി അവയുടെ DPR തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് PMU മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തിരുവനന്തപുരം വൈദ്യുതി ഭവനിൽ ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ ഒരു സെൻട്രൽ പ്രോജക്ട് മോണിറ്ററിങ് യൂണിറ്റും പ്രവർത്തിച്ചുവരുന്നു. ദ്യുതി 2021-ന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

നൂതന ഊർജ്ജ സ്രോതസുകളായ സൗരോർജ്ജം, കാറ്റ്, എന്നിവയിലൂടെ പരമാവധി വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ അനർട്ട് നടത്തി വരുന്നു. ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽ നിന്നും 150 മെഗാ വാട്ട് വൈദ്യുതിയും (അനെർട്ട് മാത്രമായി 35 മെഗാവാട്ട് വൈദ്യുതി) കാറ്റിൽ നിന്നും എല്ലാ ഏജൻസികളും കൂടി ചേർന്ന് 59.725 മെഗാവാട്ട് വൈദ്യുതിയും ഉത്പാദിപ്പിക്കുന്നുണ്ട്.

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിൽ വലിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ. ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൌര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പുരപ്പുറ സൗര വൈദ്യുത പദ്ധതി ലക്ഷ്യം നേടുന്നതിന് വലിയ തോതിലുള്ള ബഹുജന പങ്കാളിത്തം ആവശ്യമാണ്. ഇതിനായി അനെർട്ട് www.buymysun.com എന്ന പേരിൽ ഒരു ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയ്സ് ആരംഭിച്ചിട്ടുണ്ട്. ഇതുവഴി ലോകത്തിന്റെ ഏതു കോണിലിരിക്കുന്ന മലയാളികൾക്കും അവരുടെ കേരളത്തിലുള്ള വീടിനു മുകളിൽ സൗരവൈദ്യുത നിലയം

(..5)

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. പൊതു ജനങ്ങൾക്ക് ഈ കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നൽകുന്നതിനായി പത്ര-ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിൽ കൂടി വ്യാപകമായ പ്രചരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.40 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | 07/2017 |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | 30.11.2016 |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 07.11.2016 |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | 30.11.2016 |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 17.11.2016 |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 22.04.2017 |
| 15 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.910 | 02/2018 |

| | | | |
|---|---|---|---|
| 16 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | 21.12.2017 |
| 17 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | 17.05.2017 |
| 18 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | 30.05.2017 |
| 19 | കുറ്റിപ്പുറം | 0.50 | 28.11.2017 |
| 20 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | 04.12.2017 |
| 21 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | 15.01.2018 |
| 22 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | 02.02.2018 |
| 23 | പീരുമേട്, ഇടുക്കി | 0.50 | 23.04.2018 |
| 24 | കാസർഗോഡ് സോളാർ പാർക്ക് | 50 | 14.09.2017 |
| | **ആകെ** | **65.874372** | |
| 1 | ഓൺ ഗ്രിഡ് കൺസ്യൂമേഴ്സ് | 19.513 | 31.08.2018 |
| 2 | സിയാൽ | 30 | 11.12.2017 |
| 3 | അനർട്ട് | 2 | 09.12.2016 |
| 4 | ഹിൻഡാൽകോ | 1 | 31.03.2016 |
| | **ആകെ** | **118.387372** | |

സെക്ഷൻ ഓഫീസർ

ചീഫ് എഞ്ചിനീയർ
(റിന്യൂവബ്ൾ എനർജി & എനർജി സേവിംഗ്സ്)

അനുബന്ധം II

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (കോടി) |
|---|---|---|---|---|
| 1 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം പൂർത്തിയായി. 2018 ഡിസംബറിൽ ഉത്പ്പാദനം തുടങ്ങും | 3.539052 |
| 2 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) | 0.67 | 2018-19 ൽ പൂർത്തീകരിക്കും | 5.125 |
| 3 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം) | 0.480 | 2018-19 ൽ പൂർത്തീകരിക്കും | 3.3018 |
| 4 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം) | 0.110 | 2018-19 ൽ പൂർത്തീകരിക്കും | 0.7339 |
| 5 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് ഒന്നാംഘട്ടം (3 നം) | 0.195 | 2018-19 ൽ പൂർത്തീകരിക്കും | 1.38584 |
| 6 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി രണ്ടാം ഘട്ടം (2 നം) | 0.021 | 2018-19 ൽ പൂർത്തീകരിക്കും | 0.15 |
| 7 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നം) | 0.0575 | 2018-19 ൽ പൂർത്തീകരിക്കും | 0.40595 |
| 8 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് രണ്ടാം ഘട്ടം (5 നം) | 0.335 | 2019-20 ൽ പൂർത്തീകരിക്കും | 2.3187 |
| 9 | ജില്ലാ പഞ്ചായത്ത് കൊല്ലം (4 നം) | 0.09 | 2019-20 ൽ പൂർത്തീകരിക്കും | 0.65 |
| 10 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി മൂന്നാം ഘട്ടം (2 നം) | 0.056 | 2019-20 ൽ പൂർത്തീകരിക്കും | 0.152 |
| 11 | ജില്ലാ പഞ്ചായത്ത് കോട്ടയം | 0.022 | 2019-20 ൽ പൂർത്തീകരിക്കും | 0.159 |
| 12 | കൊട്ടിയം, കൊല്ലം | 0.60 | 2018-19 ൽ പൂർത്തീകരിക്കും | 3.75 |
| 13 | മയിലാട്ടി, കാസർഗോഡ് | 1.00 | 2018-19 ൽ പൂർത്തീകരിക്കും | 5.82 |
| 14 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 2018-19 ൽ പൂർത്തീകരിക്കും | |
| 15 | 8 സ്കൂൾ കെട്ടിടങ്ങളുടെ | | 2018-19 ൽ | 31.55 |

| | | | | |
|---|---|---|---|---|
| | മേൽക്കൂരയിൽ (ലാഭപ്രഭ സ്കീം പ്രകാരം) | 0.04 | പൂർത്തീകരിക്കും | |
| 16 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (5 നം) – രണ്ടാം ഘട്ടം | 0.335 | 2018-19 ൽ പൂർത്തീകരിക്കും | |
| 17 | മെഡിക്കൽ കോളേജ് തിരുവനന്തപുരം | 1.1 | 2018-19 ൽ പൂർത്തീകരിക്കും | |
| 18 | ബ്രഹ്മപുരം, എറണാകുളം | 6.5 | 2019-20 ൽ പൂർത്തീകരിക്കും | |
| 19 | നെന്മാറ | 1.5 | 2019-20 ൽ പൂർത്തീകരിക്കും | 9.69 |
| 20 | കഞ്ചിക്കോട്, പാലക്കാട് | 2 | 2019-20 ൽ പൂർത്തീകരിക്കും | |
| 21 | അഗളി, പാലക്കാട് | 1 | 2019-20 ൽ പൂർത്തീകരിക്കും | |
| | ആകെ | 17.7315 | | |

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | |
|---|---|---|---|
| 1 | കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതി | 50 | ഇതിൽ 10 മെഗാവാട്ട് ആദ്യഘട്ടത്തിലും ശേഷമുള്ള 40 മെഗാവാട്ട് വിവിധഘട്ടങ്ങളിലായി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |